പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3509

18.2.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മാനസിക രോഗ ചികിത്സയ്ക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ. എം.ഉമ്മർ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മാനസിക രോഗചികിത്സക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) മാനസിക രോഗ പുനരധിവാസ കേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി SRO.No.768/12 പ്രകാരം കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്, 2012 ൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1987 ലെ മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയ നിയമമാണ് ഇത് . കൂടാതെ ജി.ഒ(പി) 45/12/SWD, 24.7.2012 തീയതി ഉത്തരവു പ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മാനസികാരോഗ്യ അതോറിറ്റിയുടെ പ്രവർത്തന സംവിധാനം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;<br>(സി) ഉണ്ടെങ്കിൽ,വിശദാംശം നൽകുമോ? | (ബി)& (സി)<br>നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു. ഇതിനു പ്രാരംഭമായി, മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഘടന 2012 ലെ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് പ്രകാരം നിലവിലുള്ള അംഗങ്ങളെ കൂടാതെ 4 ഔദ്യോഗിക അംഗങ്ങളെയും ഒരു അനൌദ്യോഗിക അംഗത്തേയും പുതുതായി ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ